LIBRARY ARCHIVES Kerala Legislative Assembly

ലോക്ഡൗൺ സാമ്പത്തിക രംഗത്ത് സൃഷ്ടിച്ച ആഘാതം

97 (482) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് രണ്ടാം തരംഗവും തുടർന്ന് നടപ്പാക്കിയ ലോക്ക്ഡൗണും സംസ്ഥാനത്തിന്റെ സാമ്പത്തികരംഗത്ത് സൃഷ്ടിച്ച ആഘാതങ്ങളെക്കുറിച്ച് പഠിക്കാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

കോവിഡ്-19 മഹാമാരി, പ്രത്യേകിച്ചും കോവിഡ് രണ്ടാം തരംഗം, സംസ്ഥാന സമ്പദ്വ്യവസ്ഥയുടെ വിവിധ മേഖലകളിൽ ഏൽപ്പിച്ച സാമൂഹികവും സാമ്പത്തികവുമായ ആഘാതം തിട്ടപ്പെടുത്തുന്നതിനും സംസ്ഥാനം നേരിടുന്ന സാമ്പത്തിക വെല്ലുവിളികളെ ഊർജ്ജിതമായി നേരിടുകവഴി സംസ്ഥാനത്തെ ഈ പ്രതിസന്ധി ഘട്ടത്തിൽനിന്നും കരകയറ്റുന്നതിനുള്ള ഫലപ്രദമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഒരു പഠനം നടത്തുവാൻ 18-8-2021-ലെ സ.ഉ.(സാധാ)നമ്പർ 5599/2021/ധന. പ്രകാരം ഗ്രലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ (GIFT)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കോവിഡ് മഹാമാരി ഏൽപ്പിച്ച വെല്ലുവിളികൾ നേരിടുന്നതിനായി മറ്റ് സംസ്ഥാനങ്ങൾ, മറ്റ് രാജ്യങ്ങൾ എന്നിവിടങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള സർക്കാർ നടപടികളുടെ ഒരു അവലോകനം നടത്തുന്നതിനായും GIFT-ന് ചുമതല നൽകിയിട്ടുണ്ട്. GIFT ഈ വിഷയം സംബന്ധിച്ച് പഠനം നടത്തിവരുന്നു.

(ബി) ഒന്നാം തരംഗത്തെ തുടർന്ന് ഇത്തരം പഠനം നടത്തിയിരുന്നോ; എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിലെ ഏതെല്ലാം നിർദ്ദേശങ്ങൾ അംഗീകരിച്ച് നടപ്പിലാക്കിയെന്ന് വെളിപ്പെടുത്താമോ;

(സി) ശേഷിക്കുന്ന നിർദ്ദേശങ്ങൾ എന്നത്തേയ്ക്ക് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ?

(ബി&സി) കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, സംസ്ഥാന സാമ്പത്തിക സ്ഥിതിയുടെ ആഘാത പഠനം നടത്തുന്നതിനായി 7-5-2020-ലെ സ.ഉ.(സാധാ)നമ്പർ 2966/2020/ധന. പ്രകാരം ഗ്രലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ (GIFT)-നെ ചുമതലപ്പെടുത്തിയിരുന്നതും ടി സ്ഥാപനം

LIBRARY ARCHIVES Kerala Legislative Assembly

ആയതുപ്രകാരം പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. (COVID-19 Pandemic - Impact study on State Finances - ECONOMIC AND FISCAL SHOCK OF COVID-19 ON KERALA). പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങളെല്ലാംതന്നെ കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ രൂപീകരിച്ച എക്സ്പെർട്ട് കമ്മിറ്റിയുടെ ശിപാർശകളിൽ ഉൾപ്പെടുന്നവയാണ്. പ്രസ്തുത എക്സ്പെർട്ട് കമ്മിറ്റിയുടെ ശിപാർശകൾ പരിഗണിച്ച് 5-11-2020-ലെ സ.ഉ.(അച്ചടി) നമ്പർ 152/2020/ധന പ്രകാരം ധനദുർഢീകരണം സാദ്ധ്യമാക്കുന്ന വ്യയനിയന്ത്രണ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്*. വിഭവങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള സമിതിയുടെ ശിപാർശയിന്മേൽ വിവിധ വകുപ്പുകൾ നടപടി കൈക്കൊണ്ടുവരികയാണ്.

സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ പദ്ധതി

98 (483) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സാമ്പത്തിക നയത്തെത്തുടർന്നും ജി.എസ്.ടി. നടപ്പാക്കിയതു മൂലവും സംസ്ഥാനത്തിന്റെ വരുമാനത്തിലുണ്ടായ കുറവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ?

ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതിനഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16-ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽനിന്നും എസ്.ജി.എസ്.ടി. കളക്ഷനും, ഐ.ജി.എസ്.ടി. ക്രെഡിറ്റും ആ മാസം ലഭിച്ച എൽ.എൻ.ജി. ഒഴിച്ചുള്ള വാറ്റ് കളക്ഷനും കൂട്ടിക്കിഴിച്ചുള്ള ബാക്കി തുകയാണ് നഷ്ടപരിഹാരമായി ലഭിക്കുന്നത്. വിശദാംശം അനുബന്ധമായി (അനുബന്ധം-1) ചേർക്കുന്നു.*

(ബി) പ്രസ്തുത കുറവ് നികത്തുന്നതിന് കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ടോ?

2017-18, 2018-19, 2019-20 & 2020-21 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ച നഷ്ടപരിഹാര തുകയുടെയും ലഭിക്കേണ്ടിയിരുന്ന തുകയുടെയും വിവരം അനുബന്ധമായി (അനുബന്ധം-2) ചേർക്കുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.